# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 22 No.08 Newsletter May 2025

**187th Congregational Day**

Worship on 11-05-2025



"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു"
(ഫിലിപ്പിയർ 4:13)

## Congratulations!



നമ്മുടെ സഭാംഗവും, കാരക്കോണം മെഡിക്കൽ കോളേജിലെ ഡെർമറ്റോളജി പ്രൊഫസ്സറുമായ **Dr. Joan Felicita Samson** ഇന്ത്യൻ അസോസിയേഷൻ ഓഫ് ഡെർമറ്റോളജിസ്റ്റ്, വെനറിയോളജിസ്റ്റ് ആൻഡ് ലെ പ്രോളജിസ്റ്റ് (I.A.V.D.L.) കേരള ഘടകം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ!



Men's Fellowship,One day Retreat at Alappuzha

## *In Ever Loving Memory of*



# Jayadas J. T.

**14-01-1947 to 06-07-2015**

**(Rtd. Deputy Director, Local Fund Audit)**

CHURCH VOICE

23rd year of publication

MAY - 2025

**CHIEF EDITOR**

Rev. D. Jacob
(President)

**PRESBYTERS**

Rev. P. Thangaraj
Rev. Dr. G. Chrispin Baju
Rev. Shiju R. Das

**ADDRESS**

The Chief Editor
Church Voice
M.M. Church
LMS Compound
Trivandrum-33

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570

Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sun | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| | Young Family Fellowship | 05:30pm |
| Mon | Bible Study | 05.00pm |
| | Vestry Prayer | 06.30pm |
| Tue | Circle Prayer | 06.30pm |
| Wed | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thu | Senior Citizens' Fellowship | 04.30pm |
| Fri | Circle Prayer | 06:30pm |
| Sat | Fasting Prayer (2nd Sat) | 10:00am |
| | Choir Practice | 05.00pm |

## M M Church Office

| | | |
|---|---|---|
| Rev. D. Jacob (President) | : | 94478 86139 |
| Rev. P. Thanga Raj (Presbyter) | : | 94882 35541 |
| Rev. Dr. G. Chrispin Baju (Presbyter) | : | 85474 78150 |
| Rev. Shiju R. Das (Presbyter) | : | 82771 03166 |
| Mr. Saju Stanley (Manager) | : | 94474 70953 |
| Mr. Darwin D. L. (Accounts Clerk) | : | 98097 48617 |
| Mr. Rajeev T. | : | 98958 01012 |
| Mr. G. Wilson | : | 94475 25339 |
| Mr. Anil Kumar | : | 90483 61292 |

## FROM THE PRESBYTER'S DESK



കർത്താവിൽ വാത്സല്യമുള്ള ദൈവമക്കളേ,

ത്രീയേക ദൈവത്തിന്റെ സാന്നിധ്യവും കൃപയും നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ! ഏപ്രിൽ മാസത്തിൽ നമ്മെയും നമുക്കുള്ളവരേയും ശാശ്വതഭുജങ്ങളിൽ വഹിച്ച ദൈവത്തിനു സ്തോത്രം. സഭയേയും ശുശ്രൂഷകളെയും അനുഗ്രഹിച്ച ദൈവകൃപയുടെ മുന്നിൽ ഏറെ വിനയപ്പെടുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവ മരണത്തെ ധ്യാനിക്കുന്നതിനും പുനരുഃത്ഥാനത്തിന്റെ ശക്തി അനുഭവിച്ചറിയുന്നതിനും നമുക്ക് സാധിച്ചു. ഒരു വസ്തുത ഓർക്കേണ്ടതുണ്ട്. യേശു ഗത്സമനയിലൂടെ ഗോൽഗോഥാ വഴിയാണ് പിതാവിന്റെ സന്നിധിയിൽ എത്തിയത്. നമ്മുടെ മുന്നിലുള്ള പാതയും അതുതന്നെ. ഗത്ത്ശമനയിൽ എത്തിയ കർത്താവ് 'അല്പം മുമ്പോട്ടു ചെന്നു കവിണ്ണുവീണു എന്ന് മത്തായിയും (26:39)' താൻ അവരെ വിട്ടു ഒരു കല്ലേറുദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി' എന്ന് ലൂക്കോസും (22:41) രേഖപ്പെടുത്തിയിരിക്കുന്നു. ദൂരം എത്രയായാലും അവസ്ഥ എന്തായാലും യേശു പ്രാണവേദനയിലായി. കടുത്ത ഭയത്തോടുകൂടി ഒറ്റയ്ക്ക് യുദ്ധം നേരിടുന്ന അനുഭവമാണിത്. ചരിത്രത്തിൽ ഇതുപോലെ മറ്റൊരു രംഗമില്ല. ഈ അവസ്ഥയിൽ നിന്ന് പിന്മാറി ക്രൂശിനെ നിഷേധിക്കാമായിരുന്നു. അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ രക്തത്തുള്ളി പോലെ ആകുമ്പോൾ ലോകത്തിന്റെ രക്ഷ തുലാസിൽ തൂങ്ങുകയായിരുന്നു; എങ്കിലും അവൻ വിജയിച്ചു. അവൻ രാത്രിയിൽ തോട്ടത്തിലേക്ക് പോയി, എങ്കിലും പിതാവിനോട് സംസാരിച്ചതിനാൽ പ്രകാശത്തിലേക്ക് മടങ്ങിവന്നു. പ്രാണവേദനയിലായ കർത്താവ് ജയാളിയായി തോട്ടത്തിൽ നിന്ന് പുറത്തുവന്നു. അതിന് പ്രധാന കാരണം അവൻ അല്പം മുമ്പോട്ടു പോയതാണ്. ഏതെല്ലാം കാര്യത്തിലാണ് യേശു മുമ്പോട്ടു പോയത്?

പിതാവിനെ അറിയുന്നതിൽ യേശു അല്പം മുമ്പോട്ടുപോയി. അത് കേവലം ഉപരിപ്ലവമായ അറിവല്ല. പിതാവിനെ വ്യക്തിപരമായി അറിഞ്ഞവനു മാത്രമേ പിതാവിനെ 'അബ്ബാ' എന്നു സ്നേഹത്തോടും ഭയഭ

ക്തിയോടും സംബോധന ചെയ്യാൻ ആകുകയുള്ളൂ. കൂടാതെ, ദൈവ ഹിതം തിരിച്ചറിയുന്നതിൽ യേശു അല്പം മുമ്പോട്ടു ചെന്നു. 'പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ' എന്ന് യേശു അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. ക്രൂശിനെ ഒഴിവാക്കാനുള്ള ശ്രമമോ പ്രാർത്ഥനയോ ആയി ഇതിനെ കാണുന്നത് ശരിയല്ല. ലോകത്തിന്റെ വീണ്ടെടുപ്പ് സാധ്യമാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഇതാണോ എന്ന് യേശു പിതാവിനോട് ആരായുകയായിരുന്നു. മാത്രവുമല്ല, തന്റെ സമർപ്പണത്തിൽ യേശു അല്പം മുമ്പോട്ടു പോയി. എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു യേശു പിതാവിനോടു പ്രാർത്ഥിച്ചു. നിസ്സഹായത കൊണ്ടോ യുദ്ധത്തിൽ പരാജയപ്പെട്ടതു കൊണ്ടോ നിരാശ കൊണ്ടോ ഉണ്ടായ വിധേയത്വമല്ല. പിതാവിലുള്ള സമ്പൂർണ്ണ ആശ്രയത്തിൽ നിന്നുള്ള സമർപ്പണമാണ്. തന്റെ പിതാവിനോടാണ് യേശു സംസാരിച്ചത്. പിതാവിന്റെ ശാശ്വതഭുജങ്ങളിലാണ് യേശു ആയിരുന്നത്. ആ സ്നേഹം ഒരിക്കലും തന്നെ കൈവിടുകയില്ല എന്ന ഉത്തമ ബോധ്യം യേശുവിനുണ്ട്. നമുക്ക് മനസ്സിലാക്കാൻ കഴിയാത്തത് അംഗീകരിക്കുന്നത് ശ്രമകരമാണ്. ആ സാഹചര്യത്തിൽ ദൂതൻ വന്ന് ശക്തിപ്പെടുത്തും എന്നത് സത്യമാണ്. പുനഃരു ത്ഥാനത്തിന്റെ ശക്തി അനുഭവിച്ച് ജീവിക്കുന്ന നമുക്ക് സമൃദ്ധിയായ ജീവനാണ് യേശു നൽകിയിരിക്കുന്നത്. അതിനാൽ നമുക്കും അല്പം മുമ്പോട്ടു പോകാം. പിതാവിനെ അറിയുന്നതിൽ, ദൈവഹിതം തിരിച്ചറിയുന്നതിൽ, സമർപ്പണത്തിൽ. അതിന് ദൈവം കൃപ ചെയ്യട്ടെ... സ്നേഹത്തോടെ,

**ജേക്കബ്ബച്ചൻ**

---

**വന്ന വഴികൾ ഓർത്ത് ദൈവത്തിന് സ്തോത്രം!**

വന്ന വഴികൾ ഒന്നോർത്തിടുമ്പോൾ
ഇന്നയോളം നടത്തിയ നാഥാ (2)
നന്ദിയല്ലാതില്ലൊന്നുമില്ല
എന്നും കരുതലിൽ വഹിച്ചവനേ (2) - വന്ന വഴികൾ

ബഹുദൂരം മുന്നോട്ടു പോകാൻ
ബലം നൽകി നീ നടത്തി (2)
തളർന്നോരോ നേരത്തിലെല്ലാം
തവകരങ്ങൾ ആശ്വാസമായി (2) - വന്ന വഴികൾ

# REPORT OF ACTIVITIES OF MM CHURCH FOR APRIL, 2025

As schools and colleges have closed down for mid-summer holidays, the month of April was full of vibrant activities enlisting the participation of one and all from children to the older generation.

All worship services were led by our pastors: Rev. D. Jacob, Rev. P. Thanga Raj, Rev. Dr. Chrispin Baju and Rev. Shiju R. Das and meetings of the sub-organisations were conducted by the concerned secretaries with utmost devotion and piety.  There was remarkable increase in the number of participants in all facets of our activities.

Monday Bible Study has evoked a lot of inspiration for those who get together to learn the Word of God. Circle prayers were arranged at two houses each on all Tuesdays and Fridays and these enabled to build up local family fellowship in all the wards.

Sunday school took up the responsibility of hosting Vacation Bible School.VBS 2025 was held in MM Church from 06/04/2025 to 13/04/2025 on the theme: “Jesus: The Life Architect” (Ephesians 2:22). Classes were conducted from 08.30am to 12.30pm under the leadership of Mr. K.M. Philip, Director, Child Evangelism Fellowship and a host of our dedicated Sunday School Teachers.  Many new children came to a personal understanding of Jesus Christ as Lord and Saviour.  Several old students rededicated their lives for a life glorifying the Lord in following Architect Jesus Christ.

Second Saturday Fasting prayer enabled the faithful to devote meaningful time for prayer and intercession and enter into a deeper relationship with our Lord.  Young Family Fellowship and Christian Endeavour Youth Fellowship jointly conducted Family Retreat on 14th April, 2025 with separate sessions for parents, teens/youth and kids. Dr. Crosby Sylus and Mr. George Behanan were the main speakers for the retreat, which enabled and equipped all participants to evaluate their

role in the family and surrender their lives to lead a model Christian life in line with Biblical precepts and convictions.

The holy week this year from Palm Sunday to Resurrection Sunday was observed with convention meetings every night. The candidates who completed confirmation classes were confirmed and dedicated in the Maundy Thursday confirmation service. On Good Friday, messages on the 7 verses on the cross were delivered by our church members: Er. Jeslin Tibinet V. A, Er. Ceragil Austin Prince, Dr. Angel Mary Sam, Mr. Solomon Jacob, Adv. Sarjine Thomas, Dr. S.G. Churchin Ben and Dr. Christenson E. Sarasam

For passion week, we were privileged to have Rev. S.K. Vijyakumar, Rev. Lordwin Lowrence, Rev. Sandeep Oommen, Fr. Reji Mathew Chirayet, Bro. Aji Viswavani and Rev. A.T. Thomas as our guest preachers.

Easter Concert was arranged by the MM Church Choir at 6.30pm on 20th April - Easter Sunday, which ushered the fountain spring of the resurrection experience on all those who attended this music feast.

Sri. Albert Joseph Memorial Summer School of Church Music was hosted by the MM Church choir from 21st to 26th April, under the leadership of our seasoned choir masters and musicians from 8.30 am to 12.30pm. The participants were given the Biblical insights for songs, exposed to tonic solfa notation, Christian devotionals, light music, Carnatic music and practical lessons on flute, key board and guitar. The participants were a collect batch of varying age groups from a 1st standard student to her own grandmother, who made the best use of this unique opportunity.

The Men's Fellowship, Senior Citizens' Fellowship and Women's Fellowship arranged their annual retreat during this month, with the participation of a large number of members. The month witnessed packed programmes arranged systematically drawing maximum participation of members and we praise and thank God for His love, care and protection on the life and ministry of MM Church. ●

# ഉയിർത്തെഴുന്നേറ്റ യേശുവിനെ പ്രഘോഷിക്കുവിൻ !



**ഡോ. ക്രിസ്റ്റെൻസൺ ഇ. സാരസം**

പ്രിയപ്പെട്ട എല്ലാ വായനക്കാർക്കും അനുഗൃഹീതമായ ഈസ്റ്റർ ആശംസകൾ നേരുന്നു. "ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്ന് ഞാൻ അറിയുന്നു; യേശു ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നു കാണ്മീൻ" (മത്തായി 28:5,6).

ഉയിർത്തെഴുന്നേൽപ്പിലൂടെ മരണത്തിന്റെ കല്ലറയിൽ നിന്ന് ജീവന്റെ മണവറയിലേക്ക് യേശു കടന്നിരിക്കുന്നു. മനുഷ്യന്റെ മരണത്തിനപ്പുറം ജീവന്റെ ചൈതന്യവത്തായ വാഴ്വുണ്ടെന്ന് യേശുക്രിസ്തുവിന്റെ ഉത്ഥാനം വെളിപ്പെടുത്തുന്നു. ശൂന്യമായ കല്ലറയും, ദൂതന്മാരുടെ സാക്ഷ്യവും, ശിഷ്യന്മാരുടെ ധൈര്യവും യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ശരിവയ്ക്കുന്ന തെളിവുകളാണ്.

ഒന്നും തീർന്നുപോയിട്ടില്ല, ഇനിയും സാധ്യതകൾ നിലച്ചുപോയിട്ടില്ല, മരണം വിരാമക്കുറിപ്പോ വിരഹക്കുറിപ്പോ അല്ല. ഏതൊരു മനുഷ്യന്റെയും ഉള്ളിലെ സാധ്യതയാണ് ഉത്ഥാനം.

നോവിന്റെയും അന്പിന്റെയും സമ്മിശ്ര അനുഭവങ്ങളിലൂടെ... മൗന ധ്യാന സഹന അനുഭൂതികളിലൂടെ... നോമ്പിന്റെ ധ്യാനവഴികൾ നമുക്കായി തുറക്കപ്പെട്ടു. നൊമ്പരപർവങ്ങളും വേദനയുടെ യാമങ്ങളും താണ്ടി ഉയിർപ്പിന്റെ ഉത്സവം നാം തുടരെ ഉത്ഘോഷിക്കുകയാണിപ്പോൾ. ഉയിരിന്റെ എഴുന്നേൽപ്പാണ് ഉയിർത്തെഴുന്നേൽപ്പ്. നാം ഉയിർപ്പിന്റെ ദൈവസ്നേഹം പേറുന്നതിനാൽ, ഇന്നാളുകളിൽ ധൈര്യത്തിന്റെയും പ്രതീക്ഷയുടെയും പ്രത്യാശയുടെയും തിരിനാളം നമ്മുടെ ഉള്ളങ്ങളിൽ തെളിഞ്ഞു പ്രകാശിക്കുന്നു.

ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ സഹനത്തിന്റെ വഴിയും കടന്ന് ഉത്ഥാനത്തിന്റെ പുലരിയിലേക്ക് പ്രവേശിച്ചിരിക്കുന്ന നമുക്ക് ക്രൂശിലെ സ്നേഹത്തിൽ നിന്നാണ് ഉത്ഥാന സഞ്ചാരം സാദ്ധ്യമാകുന്നത്.

ഉത്ഥാനത്തിന്റെ തെളിവ് ഒഴിഞ്ഞ കല്ലറയല്ല, പ്രത്യുതാ ഉത്ഥിതന്റെ പ്രത്യക്ഷതയാണ്. ആ പ്രത്യക്ഷതക്ക് സാക്ഷ്യം വഹിച്ചവരുടെ ദീപ്തമായ മൊഴികളും അതോടൊപ്പം അവർ സാക്ഷ്യപ്പെടുത്തിയ നിസ്തുല ജീവിതവും ആഗോള ക്രിസ്തീയ വിശ്വാസികളെ നൂറ്റാണ്ടുകളായി എക്കാലവും പ്രോചോദിപ്പിച്ചുകൊണ്ടിരിക്കുന്നു. ദൈവം മനുഷ്യരെ തിരയുന്നതാണ് സുവിശേഷം. മനുഷ്യരുടെ അന്വേഷണങ്ങൾ വഴിമുട്ടിപ്പോകുന്ന വഴിത്തിരിവിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതാണ് ബെത്ലെഹെമിലെ കാലിത്തൊഴുത്തും, കാൽവരി കുരിശിലെ മരണവും, കല്ലറയിൽനിന്നുള്ള ഉത്ഥാനവും.

ക്രൂശ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായി തീർന്നത് അത് രക്ഷയുടെ സുവിശേഷത്തിന്റെ അടയാളം ആയതുകൊണ്ടാണ്. പുതിയ നിയമത്തിൽ, 'ക്രൂശ്' എന്നത് നമുക്ക് പകരമായി ക്രൂശിൽ നൽകി, അതിലൂടെ നേടിത്തന്ന വിടുതലിന്റെ സന്തോഷ പ്രഖ്യാപനമാണ്. നിത്യനായ ദൈവത്തിന്റെ ഹൃദയത്തിലുള്ള അനന്തമായ സ്നേഹം ചരിത്രപരമായ സാഹചര്യത്തിൽ കൂടെ കാൽവരിയിൽ പ്രത്യക്ഷപ്പെട്ടു. ക്രൂശില്ലാത്ത ക്രിസ്തീയ വിശ്വാസത്തിന് അസ്തിത്വമില്ല.

ക്രൂശിന്റെ സന്ദേശം രക്ഷിക്കപ്പെടുന്നവർക്ക് ദൈവീക ശക്തിയുടെ വെളിപ്പെടുത്തലാണ്. ദൈനംദിന ജീവിതത്തിൽ ദൈവീക സ്നേഹത്തിന്റെയും, കരുതലിന്റെയും, നിത്യമായി ദൈവത്തോടുകൂടെ ജീവിക്കുമെന്ന പ്രത്യാശയുടെയും സന്ദേശമാണ് ക്രൂശ് നൽകുന്നത്. ശുശ്രൂഷ തികച്ച യേശു സംതൃപ്തിയോടെ മൊഴിഞ്ഞ വാക്കാണ്: 'നിവൃത്തിയായി' എന്നത്. പിറുപിറുപ്പോ അസ്വസ്ഥതയോ കൂടാതെ യേശു മരണത്തെ സധൈര്യം നേരിട്ടു, ഉയിർത്തെഴുന്നേറ്റു.

ക്രൂശിനും അപ്പുറം പുനരുത്ഥാനവും നിത്യജീവനും ഉണ്ട്. തന്നെത്താൻ ത്യജിച്ചു ക്രൂശ് എടുത്തു പിൻഗമിക്കുന്ന തന്റെ പൈതലിനായി വലിയ പ്രത്യാശയും വലിയ വിടുതലും വലിയ രക്ഷയും നിത്യജീവനും ദൈവം ഒരുക്കിയിട്ടുണ്ട്. ഇവ നഷ്ടപ്പെടുവാൻ നമുക്ക് ഇടയാകരുത്. നമ്മുടെ ജീവിതം വളരെ ചെറുതാണ്. നാം ഇവിടെനിന്നും പോകേണ്ടവരാണ്. ദൈവം തന്റെ മഹാകരുണയാൽ നമുക്കു നല്കിയിരിക്കുന്ന ജീവിതത്തിന്റ അവശേഷിക്കുന്ന ഭാഗം നമുക്ക് കർത്താവിനായി

*ശേഷം പേജ് 10 കാണുക*

# നമ്മുടെ മെറ്റീർ മെമ്മോറിയൽ ചർച്ചിന്റെ 187-ാം കോൺഗ്രിഗേഷണൽ ദിനാചരണം 11-05-2025

ദൈവത്തിന്റെ അനന്തമായ കൃപയാലും കാരുണ്യത്താലും, ഈ മാസത്തിൽ നാം ഒരു ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഈ സ്തുതി സ്തോത്ര സന്ദർഭത്തിൽ പങ്കാളികളാകാൻ ദൈവം നമ്മുടെ ആയുസ്സിൽ ഒരു അവസരം കൂടെ നൽകിയതിനെ ഓർത്തു നമുക്ക് നന്ദിയുള്ളവർ ആയിരിക്കാം.

1838 മെയ് 13 തിരുവനന്തപുരത്തെ പ്രൊട്ടസ്റ്റൻറ് സഭയുടെ ചരിത്രത്തിലെ ഒരു ശ്രദ്ധേയമായ ദിവസമായിരുന്നു. അന്ന് എൽ.എം.എസ്സ് മിഷണറി ജോൺ റോബർട്സിന്റെ പേട്ടയിലെ വസതിയിൽ മിഷണറി ജോൺ കോക്സ് തമിഴ് ആരാധന ആരംഭിച്ചു. തിരുവനന്തപുരത്ത്, ഭാരതീയരുടെ ആദ്യത്തെ പ്രൊട്ടസ്റ്റന്റ് ആരാധനയാണ് ഇതെന്ന് കരുതപ്പെടുന്നു.

കേണൽ ഫ്രേസറുടെ നേതൃത്വത്തിലും പിന്തുണയിലും പാളയത്ത് കൺറ്റോണ്മെന്റിന് സമീപം ഒരു ചാപ്പൽ നിർമ്മിക്കപ്പെട്ടു. അത് പ്രധാനമായും തിരുവനന്തപുരത്തെ താമസക്കാരായ യൂറോപ്പിയൻമാരുടെ ആരാധനയ്ക്കുവേണ്ടി ആയിരുന്നു. ഇന്നത്തെ യൂണിവേഴ്സിറ്റി ലൈബ്രറിക്ക് സമീപം നിർമിച്ച ഈ ചാപ്പൽ അഥവാ പള്ളി കെട്ടിടം 1838 ആഗസ്റ്റ് 5-ന് തുറക്കപ്പെട്ടു. അത് മിഷണറി ജോൺ കോക്ക്സിന്റെ സംരക്ഷണയിലായി. പേട്ടയിൽ നടത്തപ്പെട്ടിരുന്ന തമിഴ് ആരാധന ക്രമേണ ഈ പള്ളിയിലേക്ക് മാറ്റുകയും, ഇംഗ്ലീഷ് ആരാധനക്ക് ശേഷം നടത്തുകയും ചെയ്തു. ഒടുവിൽ മലയാള ആരാധനയും ആരംഭിച്ചു.

'തിരുവനന്തപുരം പ്രൊട്ടസ്റ്റന്റ് ചർച്ച്' എന്നാണു ഈ കൺറ്റോണ്മെന്റ് സഭ അറിയപ്പെട്ടിരുന്നത്. ഇതാണ് നമ്മുടെ സഭയായ മെറ്റീർ മെമ്മോറിയൽ ചർച്ചിന്റെ മാതൃ പള്ളി. യൂറോപ്പ്യൻമാരുടെ ആരാധന 1856-ൽ, സമീപത്ത് പുതുതായി നിർമ്മിച്ച ഇംഗ്ലീഷ് പള്ളിയിലേക്ക് മാറ്റിയതിനുശേഷവും, അവരുടെ പഴയ ചാപ്പലിൽ എൽ.എം.എസ് ആരാധന തുടർന്നും നടത്തിയിരുന്നു.

ജോൺ കോക്സ് 1861 വരെ പ്രവത്തനങ്ങൾക്ക് നേതൃത്വം നൽകി. ബെൽഫോഡ് തിയോളജിക്കൽ കോളേജിൽ പഠിച്ച റവ. സാമുവൽ മെറ്റീറിനെ എൽ.എം.എസ്സ് ഡയറക്ടർ ബോർഡ് 1859-ൽ, തിരുവിതാംകൂറിലെ മിഷണറിയായി നിയോഗിച്ചു. അങ്ങനെ അദ്ദേഹം തിരുവനന്തപുരത്തെ മിഷനിൽ റവ. ജോൺ കോക്ക്സിന്റെ പിൻഗാമിയായി.

തിരുവനന്തപുരത്ത് ശശ്രൂഷിച്ച ഏറ്റവും പ്രശസ്തരായ മിഷനറിമാരിൽ ഒരാളായിരുന്നു റവ. സാമുവൽ മാറ്റീർ. തന്റെ പ്രവർത്തനം അധഃസ്ഥിതരുടെ ഇടയിൽ കേന്ദ്രീകരിച്ചതിനാൽ, മേൽ ജാതിക്കാരാൽ അദ്ദേഹം അടിച്ചമർത്തപ്പെട്ടു; 'പുലയ പാതിരി' എന്ന നാമത്തിൽ പരിഹസിക്കപ്പെട്ടു. അദ്ദേഹം പ്രതിബദ്ധതയുള്ള ഒരു മിഷനറിയായിരുന്നു. "നേറ്റിവ് ലൈഫ് ഇൻ ട്രാവൻകൂർ", "ദ ലാൻഡ് ഓഫ് ചാരിറ്റി" "ഗോസ്പൽ ഇൻ സൗത്ത് ഇന്ത്യ" എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പ്രസിദ്ധമായ പുസ്തകങ്ങൾ. ചിത്രങ്ങളും സംഗീതവും ഉപയോഗിച്ച് സുവിശേഷം പ്രചരിപ്പിക്കാൻ അദ്ദേഹം ഇൻഡ്യാക്കാരെ പ്രോത്സാഹിപ്പിച്ചു. പുത്തൻചന്തയിൽ അദ്ദേഹം ആരംഭിച്ച വായനശാല സ്ഥാപിച്ച സ്ഥലത്താണ് ഇപ്പോൾ സി.എൽ.എസ്. പുസ്തകശാല പ്രവർത്തിക്കുന്നത്. തിരുവനന്തപുരം വൈ.എം.സി.എ. യുടെ സ്ഥാപക പ്രസിഡന്റാണ് റവ. സാമുവൽ മെറ്റീർ.

പുതുതായി വാങ്ങിയ 'ക്യാപ്റ്റൻ ഡേവിഡ്സൺ കോമ്പൗണ്ടിൽ' അതിമനോഹരമായ ഒരു ദൈവാലയം പണിയണമെന്നത് റവ. സാമുവൽ മെറ്റീറിന്റെ തീവ്രമായ ആഗ്രഹമായിരുന്നെങ്കിലും, 1891-ൽ രോഗബാധിതനായി ഇംഗ്ലണ്ടിലേക്ക് മടങ്ങിയ അദ്ദേഹം 1893 ക്രിസ്തുമസ്സ് രാവിൽ 58-ാം വയസ്സിൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. 1900-ൽ റവ. ആർതർ പാർക്കർ തിരുവന്തപുരത്തെ മിഷന്റെ ചുമതല ഏറ്റെടുത്തു. മിഷൻ സെന്ററിൽ (എൽ.എം.എസ്. കോമ്പൗണ്ടിൽ), റവ. സാമുവൽ മെറ്റീറിന്റെ സ്മരണക്കായി ഒരു മെമ്മോറിയൽ ദൈവാലയം പണിയാൻ പരിശ്രമം നടത്തി. 1902-ൽ പള്ളി കെട്ടിടത്തിന്റെ പണി ആരംഭിച്ചു. നമ്മുടെ പൂർവ പിതാക്കന്മാരായ നമ്മുടെ സഭാംഗ ങ്ങളായ കോൺട്രാക്ടർമാരുടെ മേൽനോട്ടത്തിൽ കൽപ്പണിയും ആശാരിപ്പണിയും പൂർത്തീകരിച്ച് 1906-ൽ മെറ്റീർ മെമ്മോറിയൽ ദൈവാലയം പ്രതിഷ്ഠിക്കപ്പെട്ടു. അങ്ങനെ 1838 മെയ് 13-ന് ആരംഭിച്ച

നമ്മുടെ കോൺഗ്രിഗേഷൻ ചരിത്രത്തിനു 187 വർഷത്തെ പഴക്കമുണ്ട്. എല്ലാ നന്മകളും ഓർത്തു ദൈവത്തിനു സ്തുതിയും സ്ത്രോത്രവും അർപ്പി ക്കാം. ത്യാഗികളായ എം.എസ്സ് മിഷനറിമാരെയും നമ്മുടെ പിതാമഹന്മാ രെയും മുൻഗാമികളെയും സഭാശുശ്രൂഷകരെയും തലമുറകളെയും നന്ദിയോടെ ഓർക്കാം. 11-5-2025 -നു ക്രമീകരിക്കപ്പെട്ട നമ്മുടെ സഭയുടെ കോൺഗ്രിഗേഷൻ ദിനാചരണത്തിനായി ദൈവത്തിനു മഹത്വം. ഈ സ്ത്രോത്ര ആരാധനയിൽ പങ്കെടുക്കാൻ നമുക്ക് അവസരം നല്കിയ ദൈവത്തിനു നന്ദി കരേറ്റാം.

*-ക്രിസ്സ്*

---

*പേജ് 7 ന്റെ തുടർച്ച (ഉയിർത്തെഴുന്നേറ്റ യേശുവിനെ...)*

അവിടുത്തെ ഹിതപ്രകാരം നമ്മുടെ ജീവിതം ജീവിച്ചു തീർക്കാം. ക്രൂശിലെ സ്നേഹവും സഹനവും ത്യാഗവും ക്ഷമയും ഉൾക്കൊണ്ട് ക്രൂശിലൂടെ യേശു കാണിച്ചു തന്ന നിത്യജീവനിലേക്ക് നമുക്ക് നടന്നു അടുക്കാം. നമ്മുടെ സമസൃഷ്ടങ്ങളെ ഈ പാതയിലേക്ക് ആനയിക്കാം.

ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ലാണ് യേശുക്രിസ് തുവിന്റെ പുനരുത്ഥാനം. ദൈവത്തിന്റെ അസ്തിത്വം, ക്രിസ്തുവിന്റെ ദൈവത്വം, പാപമോചനം, നിത്യജീവന്റെ വാഗ്ദത്തം, അന്ത്യന്യായവിധി എന്നീ കാതലായ വിശ്വാസ പ്രമാണങ്ങളെ ക്രിസ്തുവിന്റെ പുനരു ത്ഥാനം അരക്കിട്ടുറപ്പിക്കുന്നു. ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ ദൂതുവാഹകരായി ജീവിക്കാൻ നമുക്ക് ഓരോരുത്തർക്കും പ്രതിജ്ഞ ചെയ്യാം. ●

*വ്യത്യസ്ത കഴിവുള്ളവർ പരസ്പരം മത്സരിച്ചിട്ടെന്തു കാര്യം. അവർ ഒരിടത്തും എത്തിച്ചേരില്ല. ഒരേ സമയം, അവർ അന്യോന്യം സഹക രിക്കുമ്പോൾ തുറക്കപ്പെടുന്നത് പരശ്ശതം വാതിലുകളാണ്. അതിലൂടെ അനവധി അവസരങ്ങൾ നമ്മെ തേടിവരും".*

# എന്തിനീ വേദന നൽകിയെന്നിൽ...

S.R. ചന്ദ്രിക ജയദാസ്



ലാളിച്ചും സ്നേഹിച്ചും ജീവിച്ചുപോയി
നാഥാ നീ എന്നോടു പൊറുക്കേണമേ.
ഇത്രകാലത്തിനുൾജീവിതം തീരുമെ
ന്നൊട്ടുമേ ഞങ്ങൾ അറിഞ്ഞതില്ല.

നീയറിയാതൊന്നും സംഭവിക്കില്ലപ്പാ-
എന്തിനീ വേദന നൽകിയെന്നിൽ

നിന്നോടല്ലോ ഞാൻ പ്രാർത്ഥിക്കുന്നതു
നിൻ മുഖം നോക്കി ഞാൻ ജീവിക്കുന്നു
നീയാണെൻ സർവ്വവും സർവ്വസ്വവും എന്നു-
നീ തന്നെ നന്നായറിയുന്നല്ലോ?

വിടരാറായ ആ പൂമൊട്ടുകൊഴിഞ്ഞുപോയ്-
എനിക്കെന്നുമാദുഃഖം തന്നുകൊണ്ട്
വിടരുന്നതിന്മുമ്പേ തട്ടിമാറ്റും എന്ന്
ഞാനൊട്ടുമേ അന്നറിഞ്ഞതില്ല.

ഒരൊറ്റ രാത്രി കൊണ്ടെല്ലാം കഴിഞ്ഞിന്ന്
വേദന മാത്രമായ് ശേഷിക്കുന്നു
വീടിന് എന്നും വിളക്കായിശോഭിച്ച
മോനും ഓൻ പപ്പായും കടന്നുപോയി.

നല്ലമോനായിട്ടിതെന്തുഭവിച്ചെന്ന്
ചിന്തിക്കുവാൻ പോലും കഴിയുന്നില്ല
വേദനതിന്നു കൊണ്ടിന്നിതാ ജീവിപ്പൂ
കൊച്ചുമോനും തൻ കുടുംബവുമായ്.

•

# ഹൃദയത്തിൻവേദന ആരറിയും

**S.R. ചന്ദ്രിക ജയദാസ്**

സ്നേഹിച്ചും ലാളിച്ചും കൊതിതീരും മുമ്പേ-
പോയി മറഞ്ഞെന്റെ പൊന്നോമന.

രാരിരം രാരിരം രാരാരോ
രാരിരം രാരിരം രാരാരോ

വേദനപ്പെട്ടിടും ഹൃദയത്തെകാണുവാൻ
ആർക്കാണാവോ സാദ്ധ്യമാകും?
പുറമേ കാണുന്നതു ഒന്നുമേയല്ലപ്പാ
ഹൃദയത്തിൻ വേദന ആരറിയും?

നൊമ്പരം ഹൃദയത്തിൽ തിങ്ങി നിറയുന്നു
മക്കളേ, നീയൊന്നുവന്നു പോകൂ.
അമ്മയുടെ വേദന കാണാൻ കഴിയില്ലേ?
പൊന്നോമനേ നീ ഓടിവായോ.

കാഠിന്യമേറുന്നു ഈ ലോകജീവിതം,
സ്നേഹിക്കുവാനാരും ഭൂവിലില്ല
എന്നെ സ്നേഹിച്ചവരെല്ലാം മറഞ്ഞുപോയ്
ഉള്ളവർക്കാണേലോ സമയമില്ല.

യേശുവേ നീയെന്നെ നോക്കേണമേ നാഥാ
ഹൃദയത്തിൻ വേദന കാണേണമേ
അമ്മതൻ കുഞ്ഞിനെ മറന്നീടിലും നാഥാ
നീയെന്നെ മറക്കാത്ത ദൈവമല്ലേ?

വർഷങ്ങൾ എത്രയോ തള്ളിനീക്കിനാഥാ
വേദനകൾ എല്ലാം മാറ്റിത്തരൂ.
ആരുണ്ടീ ലോകെ എനിക്കുമെൻ കുഞ്ഞിനും
ആരുമേയില്ലപ്പാ നീയൊഴികെ. ●

# ഉയിർപ്പ് ഗാനം - അറുക്കപ്പെട്ടതാം കുഞ്ഞാടെ





സംഗീതം :

**പ്രമോദ് വിശ്വനാഥൻ**

രചന:

**പ്രജോദ് വിശ്വനാഥൻ**





# അനുഭവസാക്ഷ്യം

J. Danabai

"അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നു വിടുവിക്കും" (സങ്കീർത്തനം 91:3)

"തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറെയ്ക്കും" (സങ്കീ. 91:4)

"ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല" (സങ്കീ. 91:10)

"നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും" (സങ്കീ. 91:11)

"അവൻ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ അവന്നു ഉത്തരം അരുളും കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും. ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും" (സങ്കീ. 91:15)

1955 മുതൽ 1959 അദ്ധ്യായന വർഷങ്ങളിൽ ഞാൻ തിരുവനന്തപുരം വഴുതക്കാട് ഗവണ്മെന്റ് വിമൻസ് കോളേജിൽ (അന്നത്തെ 'His Highness the Maharaja's College for Women') ബി.എ. ഡിഗ്രിക്ക് പഠിക്കുമ്പോൾ എൽ.എം.എസ്. ഗേൾസ് ബോർഡിംഗ് ഹോമിലായിരുന്നു താമസിച്ചിരുന്നത്. 1955-ലാണ് തിരുവനന്തപുരത്ത് "Union of Evangelical Students of India" (E.U.) പ്രവർത്തനം ആരംഭിച്ചത്. ബ്ര. പോൾ സുധാകർ E.U. വിന്റെ സീനിയർ അഡ്വൈസർ ആയിരുന്നു. അദ്ദേഹം സി.എസ്.ഐ. സൗത്ത് കേരള ഡയോസെസിലെ കമ്മിറ്റി ഓൺ മിഷന്റെ ആദ്യത്തെ കൺവീനറും പിന്നീട് ഡയോസെസിലെ ട്രഷററും ആയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി വിൽമ സുധാകർ, വിമൻസ് ഫെലോഷിപ്പിന്റെ സെക്രട്ടറി ആയി പ്രവർത്തിച്ചിട്ടുണ്ട്. E.U. വിന്റെ പെൺകുട്ടികളുടെ പ്രയർ ഗ്രൂപ്പും ബൈബിൾ സ്റ്റഡിയും എൽ.എം.എസ്. ബോർഡിംഗ് ഹോമിന്റെ ചാപ്പലിൽ വെച്ച് ശ്രീ. പോൾ സുധാകർ ആണ് നടത്തിയിരുന്നത്.

**What is U.E.S.I (E.U.)?**

U.E.S.I. (Union of Evangelical Students of India is commonly known as E.U. Vision : U.E.S.I. Seeks to Evangelise post - matric students of India, nurture them as disciples of the Lord Jesus Christ, that they may serve Church and Society.

**Aims of U.E.S.I.**

1. Evangelism : To present the claims of Jesus Christ so that students come to a personal experience with Him as Saviour, Lord and God through New Birth.
2. Fellowship : To have fellowship with all students of like precious faith for mutual help and growth in the Christian faith, especially by means of Bible Study and Prayer and encouraging one another in witnessing Christ.
3. Testimony : To raise in the colleges a testimony to the truths of the Historic Christian Faith and present the message thereof as the solution for the problems of mankind.
4. Missions : To present God's missionary commandment and so to help students to discover and obey His will for them at home and abroad in World Evangelisation.

എം.എം. ചർച്ചിലെ ശ്രീ. ക്രിസ്റ്റൻസൺ ഇ. സാരസം 1981–1983–ലും ശ്രീ. സാം മനോഹർ 1984–1986 ലും കേരള സ്റ്റേറ്റ് UESI ട്രഷറർ ആയും ഞാൻ 1991 – 1995 വരെ National UESI കമ്മിറ്റി മെമ്പർ ആയും, എക്സി ക്യൂട്ടീവ് സെക്രട്ടറി ആയും പ്രവർത്തിച്ചിരുന്നു.

1959–ൽ നാസിക്കിൽ വെച്ച് നടന്ന ഇ.യു.വിന്റെ ആദ്യത്തെ ആൾ ഇന്ത്യ ക്യാമ്പിൽ Bro. Paul Sudhakar, Mrs. Wilma Paul Sudhakar അവ രുടെ ആറുമാസം പ്രായമായ മകൻ ഡേവിഡ്, കോളേജ് വിദ്യാർത്ഥിക ളായ ജോൺവർഗ്ഗീസ്, വേറെ രണ്ട് മൂന്നു വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. ബ്ര. പോൾ സുധാകർ ഒരു ഹിന്ദു കൺവർട്ടറും ബൈബി ളിലും ഹൈന്ദവ വേദങ്ങളിലും അഗാധമായ പാണ്ഡിത്യും ഉള്ള ആളു മായിരുന്നു. ഹൈലി എഡ്യൂക്കേറ്റഡ് ആയ ബുദ്ധി ജീവികളുടെ ഇട യിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കാൻ അഡ്വാൻസ് ബുക്കിംഗ് ഉണ്ടായിരുന്നു. അങ്ങനെ ഒരു പ്രസംഗ പരമ്പരയ്ക്ക് ബോംബേയിൽ ഒരു ക്ഷണം ഉണ്ടായിരുന്നതിനാൽ നാസിക് ക്യാമ്പ് കഴിഞ്ഞ് ഞങ്ങൾ പൂനെ റയിൽവേ സ്റ്റേഷനിൽ ചെന്നിട്ട് അവിടെ നിന്ന് ബോംബെയ്ക്ക് ട്രെയിൻ മാർഗ്ഗം പോയി. അവിടത്തെ പ്രസംഗ പരമ്പ രകൾ കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് മടങ്ങുകയായിരുന്നു. പൂനെ റെയിൽവേ സ്റ്റേഷനിൽ വച്ച് കർത്താവ് അത്ഭുതകരമായി എന്നെ രക്ഷി ച്ചതിന്റെ സാക്ഷ്യമാണ് ഞാനിതിൽ കുറിക്കുന്നത്.

അതിന് കാരണമായത് 26-02-2025-ൽ ന്യൂസ്പേപ്പറുകളിലും മീഡിയകളിലും വന്ന പൂനെയിൽ നടന്ന ഒരു സംഭവത്തിന്റെ ന്യൂസ് ആണ്. ആ ന്യൂസ് ഇങ്ങനെ ആയിരുന്നു. "പൂനൈയിലെ ഏറ്റവും തിരക്കേറിയ സ്വാർഗേറ്റ് ബസ്സ്സ്റ്റേഷനിൽ ഒരു ബസിൽ വെച്ച് ദത്താത്രേയ രാംദാസ് ഗാഡെ (37) എന്നയാൾ 25-02-2025 ചൊവ്വാഴ്ച പുലർച്ചെ ഒരു യുവതിയെ അതിക്രൂരമായി പീഡിപ്പിച്ചു" എന്നാണ്.

പൂനെയിലെ റയിൽവേ സ്റ്റേഷനിലെ പ്ലാറ്റ് ഫോമിൽ ഞങ്ങളുടെ ലഗ്ഗേജ് വെച്ചിട്ട് എന്റെ കൂടെ ഉള്ളവർ ചായകുടിക്കാൻ പോയി. എനിക്ക് ചായ വേണ്ട എന്നു പറഞ്ഞതുകൊണ്ട് സാധനങ്ങൾ സൂക്ഷിക്കാനായി ഞാൻ സാധനങ്ങൾക്കരുകിൽ നിന്നു. പെട്ടെന്ന് ഒരു ട്രെയിൻ വന്നു നിന്നു. അതിൽ കയറാനും അതിൽ നിന്നു ഇറങ്ങാനും ഉള്ളവരുടെ തിരക്കിനിടയിൽ രണ്ടു പുരുഷന്മാർ എന്റെ അടുത്തേയ്ക്ക് ഓടി വന്നു. ഒരാൾ എന്റെ അടുത്തിരുന്ന 3, 4 ബാഗുകൾ എടുത്തു. മറ്റെയാൾ എന്റെ കൈയിൽ ബലമായി പിടിച്ചു വലിച്ച് "ഗാഡി ആയ, ജൽദി ആവോ" എന്നു പറഞ്ഞുകൊണ്ട് മുന്നോട്ട് ഓടിത്തുടങ്ങി. "രക്ഷിക്കണേ, ഇവർ ആരെന്ന് എനിക്ക് അറിഞ്ഞുകൂടാ" എന്നു ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു. അവിടെ നിന്നവർക്ക് മലയാളം അറിയാത്തതിനാൽ ഞാൻ പറഞ്ഞത് അവർക്ക് മനസ്സിലായില്ല. ഉടനെ ഞാൻ "Help me, please, I do not know who are these men" എന്നു വളരെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അതുകേട്ട ഉടനെ ആൾകൂട്ടത്തിൽ നിന്നു ഇംഗ്ലീഷ് അറിയാവുന്ന ചിലർ ഓടിക്കൂടി. "What is the matter" എന്നു ചോദിച്ചു. അപ്പോഴേക്കും ബഹളം കണ്ട് ശ്രീമതി. വിൽമ സുധാകറും കൂടെ ഉള്ളവരും ഓടിവന്നു. ആളുകൾ ഓടിക്കൂടി വരുന്നതു കണ്ടിട്ട് എന്റെ കൈയ്യിൽ പിടിച്ചിരുന്ന പിടിവിട്ട്, മറ്റെയാൾ സാധനങ്ങൾ താഴെ വെച്ചു. രണ്ടു പേരും ആൾക്കൂട്ടത്തിനിടയിലൂടെ ഓടിമറഞ്ഞു. "ഒറ്റക്കുനില്ക്കുന്ന പെൺകുട്ടികളെ തിരക്കിനിടയിൽ പരിചയഭാവം നടിച്ച് പിടിച്ചു കൊണ്ടു പോകുന്ന ആളുകൾ അവിടെ റയിൽവേസ്റ്റേഷനുകളിൽ കറങ്ങിനടക്കാറുണ്ടെന്ന്" എന്റെ വിളി കേട്ട് ഓടിക്കൂടിയവരിൽ ചിലർ പറഞ്ഞു. അതു കേട്ട് ഭയത്തോടും വിറയലോടും ആയിരുന്ന എന്നെ സംരക്ഷിച്ച ദൈവത്തിനു നന്ദി പറയുന്നു (സങ്കീ. 105:14).

"അവരെ പീഡിപ്പിപ്പാൻ അവൻ ആരെയും സമ്മതിച്ചില്ല" എന്ന വചനം എന്റെ ജീവിതത്തിൽ നിറവേറിയ ദിവസത്തെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ●

# സൗജന്യമായ നീതീകരണം



**ബെഞ്ചമിൻ മോസസ്**

വിശ്വാസി വിശ്വാസത്താൽ ജീവിക്കും എന്നല്ല, നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നാണ് തിരുവചനം പ്രസതാവിക്കുന്നത് (ഹബ. 2:4). എന്നാൽ നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല എന്നും നാം വായിക്കുന്നുണ്ട് (റോമർ 3:10). സങ്കീർത്തനക്കാരൻ പറയുന്നു: അടിയനെ ന്യായവിസ്താരത്തിൽ പ്രവേശിപ്പിക്കരുതേ; ജീവനുള്ളവൻ ആരും തിരുസന്നിധിയിൽ നീതിമാനാകയില്ലല്ലോ (സങ്കീ. 143:2). നാം ദൈവസന്നിധിയിൽ നീതിമാനാകേണ്ടതിനാണ് പാപം അറിയാത്ത യേശുവിനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപമാക്കിയത്.

മോശെ മുഖാന്തിരം ദൈവം തന്റെ ജനമായ യിസ്രായേലിനു ന്യായപ്രമാണം നൽകുന്നതുവരെ, ദൈവവിശ്വാസത്താൽ നീതിമാന്മാരായ നോഹ, അബ്രഹാം, ലോത്ത്, ഇയ്യോബ് തുടങ്ങിയവരെക്കുറിച്ച് തിരുവചനത്തിൽ വായിക്കുന്നു. തിരുവചനം മാംസം ധരിച്ചപ്പോൾ ദൈവകൃപയും സത്യവും വെളിപ്പെടുത്തി. നിങ്ങളുടെ നീതി ശാസ്ത്രിമാരുടെും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു യേശു പറഞ്ഞു (മത്താ. 5:20). ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടു ലഭിച്ചശേഷം അപ്പൊസത്ലനായ പൗലൊസ് യഹൂദന്മാരെക്കുറിച്ച് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക: അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല. വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസതു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു (റോമർ 10:3,4).

യേശുക്രിസ്തുവിന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേൽപ്പും പാപികളായ നമ്മെ നീതിമാന്മാരും വിശുദ്ധന്മാരുമാക്കേണ്ടതിനായിരുന്നു. അത് ന്യായപ്രമാണത്തെ നിവർത്തീകരിച്ചു. ന്യായപ്രമാണം കൂടാതെ യേശുക്രിസ്തുവിനോടുള്ള ഹൃദയപൂർവ്വമായ സ്നേഹത്തിൽ

നിന്ന് ഉത്ഭവിച്ച് വിശ്വാസം നമ്മെ നീതിമാനാക്കുന്നു. തിരുവചനം ഈ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്ന ഭാഗം ശ്രദ്ധിക്കാം. "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീകരിപ്പപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നതു. ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന ഏവർക്കും യേശക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി, തന്നേ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടു വന്നിരിക്കുന്നു. അതിനു ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (റോമർ 3:20–22).

ഉയിർത്തെഴുന്നേറ്റ കർത്താവ്, തന്റെ ശിഷ്യന്മാർക്ക്, മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും തന്നെക്കുറിച്ച് എഴുതിയിരുന്ന പ്രവചനങ്ങളുടെ നിവർത്തീകരണത്തെക്കുറിച്ച് വിശദീകരിച്ചുകൊടുത്തു. പിതാവിന്റെ രാജ്യത്തിൽ പ്രവേശനം ലഭിക്കുന്നത് നീതിമാന്മാർക്കാണെന്ന് യേശു പഠിപ്പിച്ചു (മത്താ.13:43). അന്ത്യന്യായവിധിയിൽ നീതിമാന്മാർ നിത്യജീവങ്കലേക്കും, ശപിക്കപ്പെട്ടവർ നിത്യനരകത്തിലേക്കും പോകും എന്നു പഠിപ്പിച്ചു. (മത്താ.25:46).

ദൈവകൃപയാൽ നീതീകരണം പ്രാപിച്ച നീതിമാന്മാർ ചെയ്യുന്ന നീതിപ്രവൃത്തികൾക്ക് പ്രതിഫലം ലഭിക്കും. ദൈവം അംഗീകരിക്കുന്ന നീതി പ്രാപിക്കാത്ത ഒരു വ്യക്തിയുടെ നീതിപ്രവൃത്തികൾ ദൈവസന്നിധിയിൽ കറപുരണ്ട തുണിപോലെയാണ് എന്ന് തിരുവചനം പറയുന്നു. ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായെങ്കിൽ ഏകന്റെ (യേശുക്രിസ്തുവിന്റെ) അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും (റോമ. 5:19).

മരണംവരെ നാം പാപികളും വിശ്വാസികളുമായി ജീവിക്കേണ്ടവരല്ല. കാൽവരി ക്രൂശിൽ യേുക്രിസ്തു നിവർത്തീകരിച്ച വീണ്ടെടുപ്പിന്റെ ദൗത്യം ഹൃദയപൂർവ്വം വിശ്വസിച്ച് നീതിമാന്മാരാകുവാൻ പുതിയ ഉടമ്പടി അവകാശം നൽകുന്നു. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയതു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ യേശുക്രിസ്തുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായിട്ടത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കും അവൻ തന്റെ രക്തംമൂലം

*ശേഷം പേജ് 20 കാണുക*

# WHEN YOU ARE IN THE FIERY FURNACE

**Sam**

Blessed is the fact that Christians can rejoice even in the deepest distress; although trouble may surround them, they still sing; and, like many birds, they sing best in their cages. The waves may roll over them, but their souls soon rise to the surface and see the light of God's countenance; they have a buoyancy about them which keeps their head always above the water, and helps them to sing amid the tempest, "Tod is still with us" To whom shall the glory be given< Oh, to Jesus - it is all to Jesus and Jesus alone. Trouble does not necessarily bring consolation with it to the believer, but the presence of the Son of God in the fiery furnace with him fills his heart with joy.

"Fear not, little flock" (Luke 12:32).

Some Christians are sadly prone to look on the dark side of everything, and to dwell more upon what they have gone through than upon what God has done for them. As for their impressions of the Christian life and Church life, they will describe their continual conflicts, sinfulness of their hearts, yet with scarcely any allusion to the mercy and help which God has vouchsafed them. But, a Christian whose soul is in a healthy state, will come forward joyously and say, "I will speak, not about myself, but to the honour of my God. The Lord has done great things for me, whereof I am glad". The deeper our troubles, the louder our thanks to God, who has led us through all, and preserved us until now. Our griefs and anxieties cannot mar the melody of our praise., we reckon them to be the best part of our life's song. We will not stumble, but keep marching on depending on His grace. We worship a victorious Lord and He will keep us through triumphantly.

# SPIRITUALITY AND RESPONSIBILITY !

**Thomas**


We live at a time when the Church leadership is torn between power struggles and court cases. There are several essentials without which the Church of Jesus Christ shall not survive on such onslaughts. The movement of time is unstoppable, unceasing and steady. In this incessant flow of history, the behaviour of Church people are determined by human nature, more by its depravity than its submission to divinity. Church history is filled with ups and downs wrought by the way human leadership affects and handles every incident, event and programme. Many turbulent seasons have been overcome by the Church at large in perplexing times of freedom, arrogance and affluence. It is true that the Lord Jesus Christ did say that the gates of hell shall not prevail against the Church which He is building. In order for the Church to prevail, there are many essential factors which ought to be insisted upon in the life of the Church such as, the faithful preaching of the Word, discipleship of the believers, proper knowledge of the Bible, intensive and consistent prayer, leadership development, participation, building community life, sharing of resources, mutual care, service and a clear sense of Vision and Mission. May the Lord of the Church find us faithful.

*Ask not how open is too open,*
*how short is too short, or how tight is too tight!*
*Rather, avoid attiress that attract opposite sex.*

*I cannot have a superiority complex*
*because nothing in me is gained by me*
*but given by God".*

## CROSSWORD PUZZLE - 14

*Compiled by*
**PREMCHAND JOHNSON**



**Across**

1. Applications for short (4)
5. John took mary into his __-(john19:27)
8. In which two poles always exist(6)
9. Metric measure of land of 100 ares(7)
13. Mountain that straddles between Syria and Lebanon(6)
16. A chemical speeding a reaction by its presence(8)

**Down**

2. Computer with exceptional high volume computing(13)
3. Product of mass and velocity(8)
4. Study of the earth's surface and its population(9)
6. Cover a metal with an oxide layer using electricity(7)
7. Device that keeps steady time for musicians(9)
10. For thou ___ my lamp, o lord 2sam22:29 (3)
11. Make a liquid turbid by disturbing the sediments(4)

17. Beasts moses gave levites Num 7:8(4)
18. Legume in ezekiel's seige ration Ezek 4:9(5)
20. St.John's is its capital(8)
21. A projectile glancing/rebounding off a surface (8)
12. The ark finally rested here (6)
14. Nitroglycerin in an absorbent material(8)
15. Right side of a ship (9)
19. Ten raised to minus nine(4)

**Answers To Crossword 13** :

1) highest 2) congruent 3) pigmentation 4) magi 5) advent 6) fasten 7) ruth 8) plimsoll 9) drummer 10) rust 11) canaanite 12) natale 13) amoeba 14) pitch 15) oboe 16) rudolph 17) dials 18) lps 19) lebanon 20) blessed

Winner of crossword 12: Mrs. Vimala Vijayan CROSSWORD 13: Mrs.Salee Pramila, Mrs. Priya Joy, Dr.Arvind Gilbert, Smt. Simi Simon,), Mrs Jeslin Tibinet, Mrs Jayakumari J.T, Anitha Navakumar

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge. **Whatsapp your answer to 9447018118**

*പേജ് 18-ന്റെ തുടർച്ച (സൗജന്യമായ നീതീകരണം)*

പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുകനിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തതു (റോമർ 3:23-26). നാം ഏതു കൂട്ടത്തിലാണെന്നു നമ്മെത്തന്നെ ശോധന ചെയ്യുവാൻ എബ്രായ ലേഖനകർത്താവ് പരിശുദ്ധാത്മാവിൽ എഴുതിയിരിക്കുന്നതുകൂടെ ശ്രദ്ധിക്കാം: "എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിൽ അവനു പ്രസാദമില്ല. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല; വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു" (എബ്രാ 10:38,39). ●

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Genesis 21-30. These ten chapters describe how God has started to fulfill His promise to Abraham by multiplying his descendants. Kindly, read these ten chapters before attempting the quiz.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before May 25th through email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link.*

1. "But where is the lamb for the burnt offering?" Who asked this?
2. Who was the father of Midian?
3. How many children did Leah have?
4. Who bought the cave of Machpelah?
5. Rebekah drew water for how many camels?
6. Who was the first born of Jacob?
7. "I will kill my brother", who said this to himself?
8. Who became an archer when he grew up?
9. "Of all that you give me I will give you a tenth", who said this to God?
10. Who reaped a hundredfold in the same year he sowed?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*Please do go through the answers published every month, because I often value the submitted answers based on context rather than exactness. Only 3 people got the exact age of Sarah.*

The correct answers to the quiz from Genesis 11-20

1. Haran (11:31)
2. He will curse them (12:3)
3. Lot and his two daughters (19:30)
4. 89 (17:15-17)
5. Hebron (13:18)
6. Abimelech (20:2)
7. The Salt Sea (14:3)
8. Ishmael (16:11)
9. Damascus (15:2)
10. Sarah (18:15)

List of people who had submitted the right answers to the quiz from Genesis 11-20

1.Sujana Satish
2.Helen Saramma
3.Nirmala Lal Jayakumar
4.Meehal Godwin
5.Simi Symon
6.Latha Job
7.Gladis J.
8.Lilora P. R.
9.Nesakumari Davidson
10.Jothi Roberts
11.Mahil Ajith
12.Soben S. L.
13.Reuben
14.Anie Reuben
15.Dr. Felcy Priya Davidson
16.J. Sumangala
17.Dora Johnson
18.Jeslin Tibinet
19.Abraham A. S.
20.Anilkumar R.
21.Achsah A. S.
22.Sheeja L.
23.Girly
24.Rajesh John Ross
25.Anitha Kingsley
J. Merashika John

List of people who submitted answers with only one mistake :

1. Lalitha Jacob
2. Jolly David
3. Divya Subhash
4. Salee Pramila D. P.
5. Anju Shalini P. S.
6. Chandra John
7. Johitha Joy
8. Arad V. M.

## ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ

**ഡിസംബർ 2024**

ഉൽപത്തി 11–20

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. “എന്നാൽ ഹോമയാഗത്തിന്നു ആട്ടിൻ കുട്ടി എവിടെ”, എന്നു ചോദിച്ചത് ആര്?
2. മിദ്യാന്റെ പിതാവ് ആര്?
3. ലേയയ്ക്ക് എത്ര കുട്ടികളുണ്ടായി?
4. മക്പേലാ എന്ന ഗുഹ വാങ്ങിയത് ആര്?
5. റിബെക്കാ എത്ര ഒട്ടകങ്ങൾക്കാണ് വെള്ളം കോരികൊടുത്തത്?
6. യാക്കോബിന്റെ ആദ്യജാതൻ ആരായിരുന്നു?
7. “ഞാൻ എന്റെ സഹോദരനെ കൊല്ലും” എന്നു ഹൃദയത്തിൽ പറഞ്ഞത് ആര്?
8. മുതിർന്നപ്പോൾ ഒരു വില്ലാളിയായി തീർന്നതു ആര്?
9. “നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും” എന്നു പറഞ്ഞത് ആര്?
10. വിതെച്ചയാണ്ടിൽ തന്നെ നൂറു മേനി വിളവു കിട്ടിയത് ആർക്ക്?

*In Ever Loving Memory of*



# VINOD J. C.

(18-08-1978 to 08-04-2015)
Hardware Systems Engineer,
In DSP Audio Technologies, Bangalore

*Inserted by*
Mrs. S. R. Chandrika
(Rtd. Deputy Inspector General of Registration, Kerala)
Son : Binoj J.C. (Project Consultant)
Daughter in law : Dr. Jincy Binoj


Family Retreat


Passion Week 2025


VBS 2025


SCF Retreat